# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7234 11.07.2014 ൽ മറുപടിക്ക്**

**ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) | സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നത് ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിലാണ്. കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 363 കി.മീ ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളായി അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 6 പാക്കേജിന്റെ ടെണ്ടർ കഴിഞ്ഞു. മറ്റ് രണ്ട് പാക്കേജുകളുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി) സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി.യുടെ നിബന്ധനകൾ പാലിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | ബി) | നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി യുടെ നിബന്ധനകൾ പാലിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. |
| സി കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഐ.ആർ.സി.യുടെ നിബന്ധനകൾ അനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | സി) | ഐ.ആർ.സിയുടെ നിബന്ധനകൾ അനുസരിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ